**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 723** | **08-10-2024 - ൽ മറുപടിയ്ക്ക്**

**കല്ലിക്കണ്ടി 110 കെ.വി സബ്സ്റ്റേഷൻ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.മോഹനൻ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | കുത്തുപറമ്പ് മണ്ഡലത്തിലെ കല്ലിക്കണ്ടി 110 കെ.വി സബ്സ്റ്റേഷൻ നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി വിശദമാക്കുമോ; | (എ) | കുത്തുപറമ്പ് മണ്ഡലത്തിലെ കല്ലിക്കണ്ടിയിൽ 110 കെ.വി. സബ്സ്റ്റേഷൻ നിർമ്മിക്കണമെന്ന ആവശ്യം കണക്കിലെടുത്ത് പുതിയ സാങ്കേതിക പഠനം നടത്തി അനുകൂല റിപ്പോർട്ട് 16.08.2024-ന് ലഭിച്ചിട്ടുണ്ട്. പദ്ധതിയുടെ വിശദമായ പ്രോജക്റ്റ് റിപ്പോർട്ടും എസ്റ്റിമേറ്റും തയ്യാറാക്കി വരുന്നു. |
| (ബി) | പ്രസ്തുത സബ്സ്റ്റേഷൻ നിർമ്മാണവുമായി ബന്ധപ്പെട്ട് തടസ്സങ്ങളെന്തെങ്കിലും നിലവിലുണ്ടോ; വ്യക്തമാക്കാമോ; | (ബി) | സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിന് നിലവിൽ സാങ്കേതിക തടസ്സങ്ങൾ ഒന്നും തന്നെ ഇല്ല. സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിനായി അനുയോജ്യമായ സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതാണ്. |
| (സി) | സബ്സ്റ്റേഷൻ യാഥാർഥ്യമാക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കുമോ? | (സി) | കല്ലിക്കണ്ടി 110 കെ.വി സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിനുള്ള പ്രോജക്റ്റ് റിപ്പോർട്ടിന് കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ ഭരണാനുമതി ലഭിക്കുന്ന മുറയ്ക്ക്, സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിന് അനുയോജ്യമായ സ്ഥലം ഏറ്റെടുക്കുന്നത് ഉൾപ്പെടെയുള്ള തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ